**ഹോളണ്ടിൽ സുലഭമായി ലഭിക്കുന്ന മയക്കുമരുന്ന് അടിച്ചു കയറ്റി, മയക്കുമരുന്നിന് അടിമപ്പെട്ട് ചെറുപ്പത്തിലേ ജീവിതം കൈവിട്ടുപോയ ജങ്കികളുടെ അനുഭവങ്ങളുമായി രാജുറാഫേൽ**

# ചാർളി, ചാർളീ. . .
# ക്രാക്ക് ! . . . ക്രാക്ക് !!

**ബർണാഡിന്റെ** അടുക്കളയിൽ കിച്ചൺ പാർട്ടി പൊടി പൊടിക്കുമ്പോൾ പുറത്ത് നല്ലവണ്ണം മഞ്ഞ് പെയ്യുന്നുണ്ടായിരുന്നു. അകത്തെ ആഘോഷത്തിനിടയിൽ ആരും അത് ശ്രദ്ധിച്ചില്ലെന്ന് മാത്രം. സാമും ഖായയും പോയശേഷം ഇനിയെന്ത് ചെയ്യണമെന്നറിയാതെ ഞാനും ടിനയും ആംഫുർട്ട് റെയിൽവേ സ്റ്റേഷന്റെ മുറ്റത്ത് മുഖത്തോട് മുഖം നോക്കിനിന്നപ്പോഴാണ് തണുപ്പിന്റെ കാഠിന്യം ശരിക്കും അറിഞ്ഞത്. നാട്ടിൽ തുലാവർഷത്തിൽ മഴ കോരിച്ചൊരിയുന്നതു പോലെ മഞ്ഞ് പെയ്യുകയാണ്.

'നീ ഉണ്ടാക്കിയ സാംപോർ വളരെ രുചികരമായിരുന്നു'- തോൽ ജാക്കറ്റിന്റെ സിബ്ബ് കഴുത്തോളം ഉയർത്തി തണുപ്പിനെ പ്രതിരോധിക്കാൻ ശ്രമിച്ചുകൊണ്ട് ടിന പറഞ്ഞു. സാംപോറല്ലടീ മദാമ്മേ-സാമ്പാർ, എന്ന് പറയണമെന്ന് കരുതിയെങ്കിലും ഞാൻ ഒന്നും മിണ്ടിയില്ല. ഉച്ചയ്ക്ക് രണ്ട് മണിക്ക് ബ്യുസ്സുമിലെ ഹോസ്റ്റലിൽ തിരിച്ചെത്താം, രണ്ടരയ്ക്ക് കിച്ചൺപാർട്ടിക്ക് ഒരുമിച്ച് സൈക്കിളിൽ പോകാം എന്ന് പറഞ്ഞ് രാവിലെ ഹോസ്റ്റലിൽ നിന്ന് പോയവളാണവൾ. എന്ത് കൊണ്ടാണ് ഹോസ്റ്റലിൽ വരാതിരുന്നത് എന്നോ, വരില്ല എന്ന കാര്യം ഫോണിൽ വിളിച്ച് അറിയിക്കാതിരുന്നത് എന്നോ ടിന ഇതുവരെ എന്നോട് പറഞ്ഞിട്ടില്ല. തെല്ലൊരു ഗൗരവത്തോടെ പാർട്ടിയിലുടനീളം മനപ്പൂർവ്വം അവളെ അവഗണിക്കുകയായിരുന്നു ഞാൻ. എന്നെ ഒന്ന് മയപ്പെടുത്താൻ വേണ്ടിയാണ് , സാമ്പാർ പൊടിയും കായവും ഒന്നും ഇല്ലാതെ സമ്പാർ പരിപ്പിന് പകരം ചെറുപയറിന്റെ പരിപ്പ് ഇട്ട് സാമ്പാർ എന്ന പേരിൽ ഞാൻ തട്ടിക്കൂട്ടിയത് വളരെ രുചികരമായിരുന്നു എന്ന് അവൾ പ്രശംസിക്കുന്നത്.

ഞാൻ പ്രതികരിക്കാതിരുന്നപ്പോൾ അവളുടെ സൈക്കിളിന്റെ മുൻ ചക്രം എന്റെ സൈക്കിളിൽ മുട്ടിച്ചുകൊണ്ട് സാമ്പാർ പ്രശംസ അവൾ ആവർത്തിച്ചു. ഇനി ഈ പാതിരാത്രിക്ക് അവളോട് പിണക്കം ഭാവിച്ചിട്ട് കാര്യമില്ലെന്ന് എനിക്ക് തോന്നി. എങ്ങിനെ തിരിച്ച് പോകും എന്നതിനെ കുറിച്ച് വല്ല ചിന്തയും ഉണ്ടോ എന്ന ചോദ്യം കേട്ടതോടെ അവൾ ഉഷാറായി. ബ്യൂസ്സുമിലേക്ക് ട്രെയിൻ കിട്ടുമെങ്കിൽ നന്നായിരുന്നു എന്ന് പിറുപിറുത്തുകൊണ്ട് ട്രെയിനിന്റെ വിശദാംശങ്ങൾ നൽകുന്ന കമ്പ്യൂട്ടർവൽകൃത യന്ത്രത്തിന് അടുത്തേക്ക് പോയി. അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്, ആ റയിൽവേ സ്റ്റേഷനിലെങ്ങും ജീവനക്കാർ ആരുമില്ല. ടിക്ക

റ്റ് നൽകാനും യാത്രക്കാർക്ക് വിവരങ്ങൾ നൽകാനും ഒക്കെ കമ്പ്യൂട്ടർ നിയന്ത്രിത യന്ത്രങ്ങളാണ്. യൂണിവേഴ്സിററി നഗരമായ യൂട്രെക്കിലേക്കുള്ള വണ്ടി കാത്തുനിൽക്കുന്ന ഏതാനും വിദ്യാർത്ഥികളാണ് ഞങ്ങളെ കൂടാതെ അവിടെയുള്ളത്. ഞങ്ങളെപ്പോലെ സൈക്കിളും കൊണ്ടാണ് അവരും സ്റ്റേഷനിലെത്തിയിരിക്കുന്നത്. സാമും ഖായയും അൽപ്പം മുൻപ് സ്റ്റേഷൻ വിട്ട ആംസ്റ്റർഡാം ട്രെയിനിൽ പോയിരിക്കുന്നു. മഞ്ഞ് കൊള്ളാതിരിക്കാനായി ഞാൻ മുറ്റത്ത് നിന്ന് സ്റ്റേഷനകത്തേക്ക് കയറി നിന്നു.

അൽപ്പം കഴിഞ്ഞപ്പോൾ നിരാശയോടെ ടിനയെത്തി. 'ബുസ്സുമിലേക്ക് ഇനി രാവിലെ ഏഴ് മണിക്ക് മാത്രമേ ട്രെയിനുള്ളൂ. ഷീപ്പോൾ എയർപ്പോർട്ടിലേക്ക് വെളുപ്പിന് അഞ്ച് മണിക്ക് ട്രെയിനുണ്ട്. അവിടെ നിന്ന് ബുസ്സുമിലേക്ക് ട്രെയിൻ കിട്ടും' -അവൾ പറഞ്ഞു. ഇപ്പോൾ സമയം ഒന്നരയേ ആയിട്ടുള്ളൂ. ഷീപ്പോൾ ട്രെയിനുവേണ്ടി മൂന്നര മണിക്കൂർ കാത്തിരിക്കുന്നതിലും ഭേദം രണ്ട് മണിക്കൂർ ബുസ്സുമിലേക്ക് സൈക്കിൾ ചവിട്ടുന്നതാണ് -ഞാൻ മനസ്സിൽ കരുതി. അപ്പോഴേക്കും ടിനയും അതുതന്നെ പറഞ്ഞു. മറ്റൊന്നും ആലോചിച്ച് നിൽക്കാതെ ഓരോ ചുരുട്ടിന് തീ കൊളുത്തി ഞങ്ങൾ സൈക്കിളിൽ ബുസ്സുമിലേക്കുള്ള പ്രയാണം ആരംഭിച്ചു.

പാതിരാ മഞ്ഞ് പൊഴിയുന്ന വീഥിയിലൂടെ, പുക വലിച്ച് സൈക്കിൾ ചവിട്ടി നീങ്ങുന്നത് ഹൃദ്യമായ അനുഭൂതിയായിരുന്നു. ചുരുട്ട് വലിച്ചു തീരുമ്പോഴേക്കും ഞങ്ങൾ നഗര കവാടം പിന്നിട്ട് ആംസ്റ്റർഡാമിലേക്ക് പോകുന്ന പ്രധാന പാതയിലെത്തി. തണുപ്പിനെ പ്രതിരോധിക്കാൻ കഴിയാവുന്നത്ര വേഗത്തിൽ സൈക്കിൾ ചവിട്ടുക എന്ന തന്ത്രമാണ് നല്ലത് എന്ന് ടിന പറഞ്ഞു. പക്ഷെ പലപ്പോഴും കനത്ത മഞ്ഞ് കാഴ്ച മറച്ചതു കൊണ്ട് എനിക്കത് ദുഷ്കരമായി തോന്നി. സൈക്കിൾ പാതക്ക് വീതി കുറവായതുകൊണ്ട് ടിനയുടെ സൈക്കിളിന് പുറകേ എന്റെ സൈക്കിൾ എന്ന രീതിയിലാണ് ഞങ്ങൾ മുന്നോട്ട് നീങ്ങിയത്. റോഡിലെങ്ങും ആരുമില്ല. അര മണിക്കൂർ സൈക്കിൾ ചവിട്ടിയിട്ടും ആകെ ഞങ്ങളെ കടന്നുപോയത് ഒരു ട്രക്ക് മാത്രമാണ്. മാത്രവുമല്ല, ഞങ്ങൾ കടന്നുപോകുന്ന പ്രദേശം തീർത്തും വിജനമാണ് എന്ന് ഞാൻ ഒരു ഉൾക്കിടിലത്തോടെ മനസ്സിലാക്കി. ഇനിയും ഏതാണ്ട് ഒരു മണിക്കൂർ സൈക്കിൾ ചവിട്ടിയാലാണ് ഹിൽവർസമിൽ എത്തുക. ആ പട്ടണത്തിന്റെ പ്രാന്തപ്രദേശത്താണ് ഇനി ജനവാസമുള്ളത്. ഹിൽവർസം പട്ടണം മുറിച്ചു കടന്നാൽ വീണ്ടും ആൾപാർപ്പില്ലാത്ത വിജനമായ സ്ഥലങ്ങൾ. പിന്നെ ഞങ്ങളുടെ ബുസ്സും ഗ്രാമാതിർത്തി എത്തണം ജനവാസമേഖലയിലെത്തിച്ചേരാൻ.

കൂടെയുള്ളത് ടിനയാണല്ലോ എന്നാലോചിച്ചപ്പോൾ എന്റെ ധൈര്യമെല്ലാം ചോർന്നുപോയി. ആകെ അലസഭാവത്തിൽ വസ്ത്രം ധരിക്കുകയും അതിനേക്കാൾ അലസതയോടെയും കുസൃതിയോടെയും എല്ലാ കാര്യങ്ങളെയും നോക്കികാണുകയും ചെയ്യുന്ന ടിന ഒരു സാധു സ്ത്രീയാണ്. ഒരു കള്ളത്തരവും ഇല്ല, എല്ലാം നേരേ വാ, നേരേ പോ- എന്ന മട്ട്. എന്നാൽ മൂപ്പത്തിയാരെ കണ്ടാൽ തോന്നുക നേരെ തിരിച്ചാണ്. കൊഴുത്തുരുണ്ട ശരീര ഭാഗങ്ങൾ, തവിട്ടുനിറമുള്ള കണ്ണുകളിൽ പ്രകടമാകുന്നത് നിഷ്കളങ്കതയല്ല, മറിച്ച് ഒരു തരം നിഗൂഢത. ആകപ്പാടെ യൗവ്വന തീക്ഷണതയിൽ നിൽക്കുന്ന ഒരു മദാലസയുടെ മട്ടും ഭാവവും. എന്നാൽ തന്റെ രൂപം ഇങ്ങനെയാണ് എന്ന ഒരു ധാരണയും അവൾക്കില്ല. ചിലപ്പോഴൊക്കെ അല്പ വസ്ത്രധാരിണിയായി രാത്രിയിൽ റേഡിയോ റൂമിൽ വരുന്ന ടിനയെ ഞങ്ങളുടെ കൂട്ടത്തിലെ ഏറ്റവും പ്രായം കൂടിയ റോസി ഹാജീ എന്ന ടാൻസാനിയക്കാരി പത്രപ്രവർത്തക ഓടിച്ചു വിടുന്നതുകാണാം. ഈ കുട്ടിയുടെ ശരീരത്തിന്റെ ആകർഷണീയതയും മാംസളതയും റോഡിൽ വല്ല അപകടവും ക്ഷണിച്ചു വരുത്തുമോ എന്നായിരുന്നു എന്റെ പേടി. കൂട്ടം കൂടി നിൽക്കുന്ന നാലോ അഞ്ചോ ചെറുപ്പക്കാർ ഞങ്ങളെ തടഞ്ഞു നിറുത്തിയാൽ എന്തു ചെയ്യും. അല്ലെങ്കിൽ ആജാനബാഹുക്കളായ ഏതെങ്കിലും ട്രക്ക് ഡ്രൈവർമാർ- ഇതൊക്കെയായിരുന്നു എന്റെ ഭയം.

മടിച്ചു മടിച്ചാണെങ്കിലും ഞാൻ എന്റെ ആശങ്ക ടിനയുമായി പങ്കുവെച്ചു. സൈക്കിളിന്റെ വേഗം കുറച്ച്, പൊട്ടിച്ചിരിച്ചുകൊണ്ട് അതിന് ഇത് ഇന്ത്യയല്ല, ഇവിടെ പേടിക്കാനൊന്നുമില്ല എന്ന് അവൾ പറഞ്ഞു. ഇന്ത്യയിലും പാക്കിസ്ഥാനിലും ഹോളണ്ടിലും ദുഷ്ടൻമാർ ഒരേപോലെയാണ് എന്ന് ഞാൻ അതിന് മറുപടി പറഞ്ഞെങ്കിലും എന്റെ മനസ്സു തണുത്തു. പേടിച്ചതുപോലെ ഒന്നും ഉണ്ടായില്ല. വഴിയിലൊന്നും ഒരു മനുഷ്യനെപ്പോലും കണ്ടില്ല, വാഹനങ്ങളെയും. ഏതാണ്ട് മൂന്നരയോടെ ഞങ്ങൾ ഹിൽവർസമിലെത്തി. നാല് മണിയോടെ ബുസ്സും സ്യൂദിലെ ഹോസ്റ്റലിലും. ഹിൽവർസമിലെത്തിയപ്പോൾ അല്പ സമയം വിശ്രമിച്ച്, ഒന്ന് പുകവലിച്ച് പോകാം എന്ന നിർദ്ദേശം ടിന മുന്നോട്ട് വെച്ചെങ്കിലും ഞാൻ അംഗീകരിച്ചില്ല. ഹോസ്റ്റലിന്റെ മുറ്റത്തെ ആപ്പിൾ മരത്തിന് താഴെ സൈക്കിൾ കൊണ്ടു നിറുത്തിയപ്പോഴേ സത്യത്തിൽ എനിക്ക് സമാധാനമായുള്ളൂ. ഇനി ചുരുട്ടു വലിക്കാം എന്ന എന്റെ നിർദ്ദേശത്തോട് കലഹിച്ച്, അവളുടെ സൈക്കിൾ എന്റെ ദേഹത്തേക്ക് തള്ളിയിട്ട് ഗ്ലാസ്സ് ഡോർ തുറന്ന് ടിന ഹോസ്റ്റലിനകത്തെ ഊഷ്മളതയിലേക്ക് ഊളിയിട്ടു.

ഈ ബഹളമൊക്കെ കേട്ട് കുശിനിയിൽ നിന്ന് ടോണി ഇറങ്ങിവന്നു. ഇന്ന് രാവിലത്തെ ഷിഫ്റ്റിലാണ് അവൻ. അതിനായി പുലർച്ചെ നാല് മണിക്കേ തന്റെ ഓപ്പഫയറ്റിൽ (മുത്തച്ഛന്റെ സൈക്കിൾ) വന്നിരിക്കുകയാണ് ടോണി. ആംഫുർട്ടിൽ നിന്ന് രാത്രി ഒന്നരയ്ക്ക് സൈക്കിളിൽ പുറപ്പെട്ട് വന്നതാണ് എന്ന് കേട്ടപ്പോൾ മൂപ്പര് ആകെ അന്തം വിട്ടു. താഴെ വീണ് കിടക്കുന്ന ടിനയുടെ സൈക്കിളിനെ ചോദ്യഭാവത്തിൽ നോക്കുന്നത് കണ്ടപ്പോൾ എന്റെ കൂടെ ടിനയും ഉണ്ടായിരുന്നു എന്ന് ഞാൻ പറഞ്ഞു. അത് കേട്ടതോടെ ആകെ അന്ധാളിച്ച ടോണി തലയിൽ കൈവെച്ചു. ''എന്നിട്ട് ഒരു കുഴപ്പവും കൂടാതെ നിങ്ങൾ ഇങ്ങോട്ട് എത്തിയോ, വഴിയിൽ ജങ്കികൾ ആരും നിങ്ങളെ തടഞ്ഞു നിറുത്തി ആക്രമിച്ചില്ലേ? ടിന എവിടെ?" -ടോണി ഒറ്റശ്വാസത്തിൽ ചോദിച്ചു. ടിനയോട് ഒരു കുഞ്ഞുപ്രേമം ടോണിക്ക് ഉണ്ടെന്ന് ഡാംബർ ഇടയ്ക്കൊക്കെ പറയുന്നത് കേൾക്കാം. അതിന്റെ വേവലാതി സായിപ്പിന്റെ ശബ്ദത്തിലുണ്ട്. അവൾക്ക് ഒന്നും പറ്റിയിട്ടില്ലെന്നും ഉറങ്ങാൻ പോയതാണെന്നും കേട്ടതോടെ സമാധാനമായി. എന്നാൽ ഈ ജങ്കികൾ ആരാണ് എന്ന എന്റെ ചോദ്യ

ത്തിന് മറുപടി പറയാതെ ടോണി പ്രേമാർദ്രമായി ടിനയുടെ സൈക്കിൾ എടുത്ത് ചുമരിനോട് ചേർത്ത് ഒതുക്കി വെച്ചു. വീണ്ടും ഞാൻ ചോദ്യം ആവർത്തിച്ചപ്പോൾ എല്ലാം വിശദമായി പറയാം, ഉച്ചക്ക് തന്റെ ഷിഫ്റ്റ് കഴിയും എന്നായി ടോണി. എന്തായാലും ഞങ്ങൾ രണ്ട് പേരും ചെയ്തത് ശുദ്ധ വിവരക്കേടായി എന്നും ജീവനോടെ ഇങ്ങ് എത്തിയത് ജീസസ്സിന്റെ കൃപ കൊണ്ടാണെന്നും പിറുപിറുത്ത് സായിപ്പ് അടുക്കളയിലേക്ക് കയറിപ്പോയി.

ജങ്കികൾ ആരാണ്? കൊള്ളക്കാരോ അതോ ജർമ്മനിയിലെ പോലെ നവനാസികളോ? എനിക്കൊരു പിടുത്തവും കിട്ടിയില്ല. അതുതന്നെ ആലോചിച്ചുകൊണ്ട് വാതിൽ തുറന്ന് ഞാൻ മുറിയിലെ ഹീറ്റർ ഓണാക്കി. മണിക്കൂറുകളോളം തുടർച്ചയായി മഞ്ഞ് വീഴ്ച അനുഭവിച്ചതുകൊണ്ട് ശരീരമാകെ ഒരു വിറകുകൊള്ളി പോലെ മരവിച്ചിരിക്കുന്നു. ഹീറ്റർ ചൂടായി വരുമ്പോഴേക്കും ചൂടു വെള്ളത്തിൽ കുളിക്കുന്നതാണ് ബുദ്ധിയെന്ന് തോന്നി. ഹോളണ്ടിലെ അതിശൈത്യത്തിൽ നിന്ന് രക്ഷപ്പെടാനായുള്ള എന്റെ സൂത്രപ്പണിയാണ് പാതിരാത്രിക്കും പുലർച്ചെക്കും ഒക്കെയുള്ള ഈ കുളി. പൈപ്പിലൂടെ വരുന്ന വെള്ളത്തിന്റെ ചൂട് നമുക്ക് ഇഷ്ടമുള്ള ഡിഗ്രി സെൽഷ്യസിൽ സെറ്റ് ചെയ്യാവുന്ന തരത്തിലാണ് ഹോസ്റ്റലിലെ കുളിമുറികൾ. 15–20 മിനിട്ട് നല്ല ചൂടുവെള്ളം വീഴുന്ന ഷവറിന് അടിയിൽ നിന്നാൽ ശരീരം ഒന്ന് ചൂടായി കിട്ടും. നാട്ടിൽ നല്ല വേനൽക്കാലത്ത് ഉഷ്ണം സഹിക്കാനാവാതെ, തണുത്ത വെള്ളത്തിൽ കുളിക്കുമ്പോൾ ലഭിക്കുന്ന അതേ ആശ്വാസം.

കുളി കഴിഞ്ഞ് ബാത്ത് റൂമിൽ നിന്ന് പുറത്ത് കടന്നപ്പോഴേക്കും ഹീറ്റർ മുറിയെ ചുടാക്കിയിരുന്നു. കിടന്നതേ എനിക്ക് ഓർമ്മയുള്ളൂ. റൂമിന്റെ വാതിലിൽ തുടർച്ചയായ മുട്ട് കേട്ടാണ് എണീറ്റത്. തുറന്ന് നോക്കിയപ്പോൾ ടോണിയാണ്. നേരം ഉച്ചയായിരിക്കുന്നു. മൂപ്പരുടെ ഷിഫ്റ്റ് കഴിഞ്ഞു. ഇന്ന് ഇനി പ്രത്യേകിച്ച് പരിപാടികളൊന്നുമില്ല, വേണമെങ്കിൽ ആംസ്റ്റർഡാമിൽ ഒരു കറക്കമാകാം എന്ന ക്ഷണവുമായിട്ടാണ് ടോണി നിൽക്കുന്നത്. നിന്റെ സുഹൃത്ത് ടിനയെക്കൂടി വിളിച്ചോളൂ എന്ന അലസഭാവത്തിലുള്ള കൂട്ടിച്ചേർ



**ഹോളണ്ടിലെ കോഫി ഷോപ്പുകൾ കാപ്പിയോ ചായയോ വിൽക്കുന്ന കടകളല്ല, മയക്കുമരുന്ന് വിൽപ്പന കേന്ദ്രങ്ങളാണ്. അതും നിയമാനുസൃതം പ്രവർത്തിക്കുന്നവ. മയക്കുമരുന്നുകളെ കടുപ്പമേറിയത്, കടുപ്പം കുറഞ്ഞത് എന്നിങ്ങനെ രണ്ടായി ഹോളണ്ട് സർക്കാർ തരം തിരിച്ചിട്ടുണ്ട്. കഞ്ചാവ്, ഹഷീഷ്, മരിഞ്ജുവാന തുടങ്ങിയവയാണ് കടുപ്പം കുറഞ്ഞവ. ഇവ വിൽക്കാനാണ് കോഫി ഷോപ്പുകൾക്ക് ലൈസൻസ്**

ക്കൽ കൂടി കേട്ടപ്പോൾ എനിക്ക് കാര്യം മനസ്സിലായി. സായിപ്പ് എന്നെ ഹംസമാക്കാനുള്ള പുറപ്പാട് ആണ്. എന്തായാലും ആ ക്ഷണം സ്വീകരിക്കാൻ ഞാൻ തീരുമാനിച്ചു. ആ നാട്ടുകാരൻ തന്നെയായ ടോണിയുടെ കൂടെ കറങ്ങുന്നത് ആംസ്റ്റർഡാമിനെ കൂടുതൽ അടുത്ത് അറിയാൻ സഹായിക്കുമെന്ന് എനിക്ക് തോന്നി.

കുളിച്ച്, വസ്ത്രം മാറി ഉച്ചഭക്ഷണം കഴിച്ച് ടിന വരുന്നുണ്ടെങ്കിൽ അവളെക്കൂടി വിളിച്ച് അരമണിക്കൂറിനുള്ളിൽ താഴെ റെയിൽവേ സ്റ്റേഷന്റെ കൗണ്ടറിലെത്താമെന്ന് ഞാൻ ടോണിയോട് പറഞ്ഞു. അത് സമ്മതിച്ച് ടോണി താഴേക്ക് പോയി. ടിനയുടെ മുറിയിൽ പോയി, ആംസ്റ്റർഡാം കറക്കത്തിനെ കുറിച്ച് പറഞ്ഞു. ഇന്നിനി സൈക്കിൾ വേണ്ട, ട്രെയിനിൽ പോകാം എന്നായി അവൾ. ഞാനും അത് സമ്മതിച്ചു. കുശിനിക്കാരൻ ടോണിയാണ് ഇന്ന് നമ്മളുടെ വഴിക്കാട്ടി എന്ന് പറഞ്ഞതോടെ അവൾ ശുണ്ഠിയെടുത്തു. ടോണിയേയും ടിനയെയും ഒന്നിച്ചു കാണുമ്പോഴൊക്കെ ഡാംബറും മറ്റും അടക്കം പറയുകയും അർത്ഥം വച്ച് ചിരിക്കുകയും ചെയ്യുന്നുണ്ട് എന്നാണ് അവളുടെ പരാതി. മാത്രവുമല്ല, ആ കുശിനിക്കാരന്റെ ശൃംഗാരം അവൾക്ക് അത്ര പിടിക്കുന്നുമില്ലത്രേ. ഇന്റർന്യൂസിന്റെ (അമേരിക്കയിലും യുറോപ്പിലും പത്രപ്രവർത്തകരെ പരിശീലിപ്പിക്കുന്ന രാജ്യാന്തര സ്ഥാപനം) ജോർജ്ജിയയിലെ ഡയക്ടറാണ് ഞാൻ . അവനെന്താ എന്നെ കുറിച്ച് വിചാരിച്ചിരിക്കുന്നത് ? ' –ടിനയുടെ കലി അടങ്ങുന്നില്ല.

ഹോളണ്ടിലെ ജങ്കീസ് ആരാണെന്ന് ടിനയോട് ചോദിച്ച് മനസ്സിലാക്കാം എന്ന് കരുതിയതായിരുന്നു ഞാൻ. അവളുടെ ദേഷ്യം കണ്ടപ്പോൾ തത്കാലം ആ പരിപാടി വേണ്ടെന്ന് വിചാരിച്ചു. നിനക്ക് അവന്റെ കൂടെ വരാൻ താല്പര്യമില്ലെങ്കിൽ വേണ്ട, ഞാൻ എന്തായാലും അവന്റെ കൂടെ ആംസ്റ്റർഡാമിൽ പോവുകയാണെന്ന് പ്രഖ്യാപിച്ച് പതുക്കെ അവിടെ നിന്ന് പിൻവലിഞ്ഞു.

പറഞ്ഞപ്പോലെ അരമണിക്കൂറിന് ശേഷം ഹോസ്റ്റലിന്റെ മുറ്റത്തുള്ള റെയിൽവേ സ്റ്റേഷന്റെ കൗണ്ടറിന് അരികിലെത്തിയപ്പോൾ ടോണി കാത്തു നിൽപ്പുണ്ട്. ടിനയില്ലാതെ ഞാൻ ഒറ്റയ്ക്ക് വരുന്നത് കണ്ടപ്പോൾ സായിപ്പിന്റെ പ്രേമാർദ്രമായ മുഖമൊന്ന് വാടി.

മദാമ്മ വരുന്നില്ലെന്ന് പറഞ്ഞാൽ ചിലപ്പോൾ സായിപ്പും ആംസ്റ്റർഡാമിലേക്ക് വരില്ലെന്ന് എനിക്ക് തോന്നി. എന്നെ ആംസ്റ്റർഡാം കാണിക്കുക എന്നതല്ലല്ലോ സായിപ്പിന്റെ ഉള്ളിലിരുപ്പ്. അതുകൊണ്ട് തന്നെ ടിനയ്ക്ക് ഉറങ്ങി മതിയായില്ലെന്നും രണ്ട് മണിക്കൂർ കഴിഞ്ഞുള്ള ട്രെയിനിൽ അവൾ ആംസ്റ്റർഡാമിൽ എത്തും, എന്നിട്ട് നമ്മളോടൊപ്പം ചേരും, ഇപ്പോൾ നമ്മളോട് പൊയ്ക്കോളാൻ പറഞ്ഞു എന്നും ഞാൻ കള്ളം പറഞ്ഞു. അത് കേട്ടതോടെ സായിപ്പിന് അല്പം ആശ്വാസമായി. പ്രതീക്ഷയ്ക്ക് ഇനിയും വകയുണ്ടല്ലോ ! അല്ലെങ്കിലും പ്രതീക്ഷകൾ മാത്രമാണല്ലോ മനുഷ്യ ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ചാലക ശക്തിയെന്ന് ഞാൻ മനസ്സിലോർത്തു.

ആംസ്റ്റർഡാമിലേക്കുള്ള ട്രെയിൻ യാത്രക്ക് ഇടയിലാണ് ടോണി ജങ്കികളെ കുറിച്ചും ഹോളണ്ടിലെ കോഫി ഷോപ്പുകളെ കുറിച്ചും പറഞ്ഞത്. ബുസ്സുമിലും ഹിൽവർസമിലും കോഫി ഷോപ്പുകൾ കണ്ടിട്ടുണ്ടായിരുന്നെങ്കിലും ഞാൻ അതിലൊന്നും കയറിയിട്ടുണ്ടായിരുന്നില്ല. കോഫി ഷോപ്പ് എന്ന ബോർഡ് പലപ്പോഴും വായിച്ച് കടന്ന് പോയിട്ടുണ്ടെങ്കിലും അതിന് അകത്ത് കയറി ഒരു കപ്പ് കാപ്പി കഴിക്കണമെന്ന് എനിക്ക് ഇതുവരെ തോന്നിയിട്ടേയില്ല. ചായ പ്രിയനായ എനിക്ക് സ്വതവേ കാപ്പി ഇഷ്ടമല്ലാത്തതുകൊണ്ടാകും! എന്നാൽ കോഫി ഷോപ്പ് എന്താണെന്ന് അറിഞ്ഞപ്പോൾ അതിനകത്ത് കയറാതിരുന്നത് നന്നായി എന്ന് തോന്നി. ഹോളണ്ടിലെ കോഫി ഷോപ്പുകൾ കാപ്പിയോ ചായയോ വിൽക്കുന്ന കടകളല്ല, മറിച്ച് മയക്കുമരുന്ന് വിൽപ്പന കേന്ദ്രങ്ങളാണ്. അതും നിയമാനുസൃതം പ്രവർത്തിക്കുന്നവ. കഞ്ചാവ്, മരിഞ്ജുവാന, ഹഷീഷ് തുടങ്ങിയ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതോ, കൈവശം വയ്ക്കുന്നതോ, വിൽക്കുന്നതോ ഒന്നും നിയമപ്രകാരം തെറ്റല്ല ഹോളണ്ടിൽ. നമ്മുടെ നാട്ടിലെ ബാറുകൾ പോലെയാണ് ഹോളണ്ടിൽ കോഫി ഷോപ്പുകൾ. അവിടെ നിന്ന് വാങ്ങുന്ന മയക്കുമരുന്ന് അവിടെ വെച്ച് ഉപയോഗിക്കാനുള്ള സൗകര്യം നൽകുന്നു. കൂട്ടത്തിൽ നിങ്ങൾക്ക് കാപ്പിയോ, ബീറോ വേണമെങ്കിൽ അതും കിട്ടും. കോഫി ഷോപ്പിൽ കയറി ഒരു ബീർ മാത്രം കഴിച്ച് പോന്നാലും തെറ്റൊന്നും ഇല്ലെന്ന് ടോണി പറഞ്ഞു. ആരും തടഞ്ഞ് നിറുത്തുകയൊന്നുമില്ല. പക്ഷെ അങ്ങിനെയാരും പോകാറില്ല എന്ന് മാത്രം. നമ്മുടെ നാട്ടിൽ ബാറുകളിൽ സോഡ കിട്ടുമെങ്കിലും അത് കുടിക്കാൻ മാത്രമായി ആരും ബാറിൽ പോകാറില്ലല്ലോ !

മയക്കുമരുന്നുകളെ കടുപ്പമേറിയത്, കടുപ്പം കുറഞ്ഞത് എന്നിങ്ങനെ രണ്ടായി ഹോളണ്ട് സർക്കാർ തരം തിരിച്ചിട്ടുണ്ട്. കഞ്ചാവ്, ഹഷീഷ്, മരിഞ്ജുവാന തുടങ്ങിയവയാണ് കടുപ്പം കുറഞ്ഞവ. ഇവ വിൽക്കാനാണ് കോഫി ഷോപ്പുകൾക്ക് ലൈസൻസ്. ബ്രൗൺ ഷുഗർ, കൊക്കയ്ൻ ,ഹെറോയിൻ, തുടങ്ങിയവയാണത്രേ കടുപ്പം കൂടിയ മയക്കു മരുന്നുകൾ. ഇവ ഹോളണ്ടിലും നിയമാനുസൃതം വിൽക്കാൻ പാടില്ല. പക്ഷേ കടുപ്പമേറിയ മയക്കുമരുന്നുകൾക്കാണ് ആവശ്യക്കാർ ഏറെയും, പ്രത്യേകിച്ച് കൊക്കയ്നെന്ന് ടോണി പറഞ്ഞു. ഹോളണ്ടിൽ എവിടെയും വീര്യം കൂടിയതും കുറഞ്ഞതുമായ മയക്കുമരുന്നുകൾ സുലഭമായി ലഭിക്കും. കൊക്കയ്ൻ ഉൾപ്പടെയുള്ള മയക്കുമരുന്നുകളുടെ ഗുണമേന്മ സൗജന്യമായി പരിശോധിച്ച് നൽകുന്ന സർക്കാർ ലാബോറട്ടറികൾ നിരവധിയുണ്ടത്രേ ഹോളണ്ടിൽ. അമേരിക്കയിൽ നിന്നും ഇംഗ്ലണ്ടിൽ നിന്നും ധനാഢ്യന്മാർ ഹോളണ്ടിലേക്ക് ഒഴുകിയെത്തുന്നത് നിയമ പരിരക്ഷയോടെ നല്ല ഗുണമേന്മയുള്ള മയക്കുമരുന്ന് ഉപയോഗിക്കാം എന്നതിനാലാണെന്നും ടോണി പറഞ്ഞു.

ഇങ്ങനെ സുലഭമായി ലഭിക്കുന്ന മയക്കുമരുന്ന് അടിച്ചു കയറ്റി, മയക്കുമരുന്നിന് അടിമപ്പെട്ട് ചെറുപ്പത്തിലേ ജീവിതം കൈവിട്ടുപോയ യുവതീ യുവാക്കളാണ് ജങ്കികൾ. സുലഭമാണെങ്കിലും മയക്കുമരുന്നുകൾക്ക് ഹോളണ്ടിൽ മുടിഞ്ഞ വിലയാണത്രേ. ഒരു ഡോസ് കൊക്കയ്ന് 60 യൂറോ കൊടുക്കണം (ഏകദേശം 4000 രൂപ). ഹഷീഷിന് അതിന്റെ പകുതി. മയക്കുമരുന്ന് വിൽപ്പന നടത്തിയാണ് ജങ്കികൾ അതിനുള്ള പണമുണ്ടാക്കുന്നത്. പിന്നെ ഒറ്റക്ക് ഒത്തു കിട്ടുന്ന ടൂറിസ്റ്റുകളെ ആക്രമിച്ച് പണം തട്ടിയെടുക്കുക, സംഘം ചേർന്ന് പിടിച്ചു പറിയ്ക്കുക, സ്ത്രീകളെ ഉപദ്രവിക്കുക , സൈക്കിൾ മോഷ്ടിച്ച് വിൽക്കുക തുടങ്ങിയ പരിപാടികളും. മയക്കുമരുന്നിന് അടിമപ്പെട്ട്, അക്രമ വാസന കാണിക്കുന്ന യുവാക്കൾ സംഘം ചേർന്നാലുള്ള കാര്യം പറയാനുണ്ടോ? ചുരുക്കത്തിൽ ഡച്ച് ജനതക്ക് അവരുടെ തന്നെ ഭാഗമായ ജങ്കികളെ പേടിയാണ്, വെറുപ്പും. ആംഫുർട്ടിൽ നിന്നും ബുസ്സുമിലേക്കുള്ള യാത്രയിൽ പാതിരാത്രിയിൽ വിജനമായ സ്ഥലത്ത് വെച്ച് ജങ്കികളുടെ കയ്യിൽപ്പെട്ടിരുന്നുവെങ്കിൽ എന്റെയും ടിനയുടെയും ജീവൻപോലും നഷ്ടപ്പെട്ടേനെ എന്ന് ടോണി പറഞ്ഞത് വെറുതെയല്ലെന്ന് ഒരു ഞെട്ടലോടെ ഞാൻ മനസ്സിലാക്കി.

ആംസ്റ്റർഡാം റെയിൽവേ സ്റ്റേഷന്റെ പുറത്ത് കടന്ന ഉടനേ ഞാൻ ടോണിയോട് പറഞ്ഞു. എനിക്കൊരു ജങ്കിയെ കാണണം. റെഡ് ഡിസ്ട്രിക്കിലേക്കുള്ള പാതയിലൂടെ അല്പം നടന്നപ്പോഴേക്കും മുഷിഞ്ഞ വസ്ത്രം ധരിച്ച, ചത്ത മീനിന്റെ കണ്ണുകൾ ഉള്ള ഒരു ചെറുപ്പക്കാരനെ കണ്ടു ടോണി എന്നെ തോണ്ടി. ടൂറിസ്റ്റുകൾക്ക് ഇടയിലൂടെ നടന്ന്, കേരളത്തിലെ ട്രെയിനുകളിൽ ചായവില്പനക്കാരൻ ചെയ്യുന്നതു പോലെ അയാൾ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു

ചാർളി, ചാർളീ. . . . . . നൈസ് കൊക്കയ്ൻ . . . ക്രാക്ക് . . ക്രാക്ക്. .

(തുടരും)

books
magazines
periodicals

BYWORD
BOOKS

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689,Mob : 9847764577